# ത്യാഗത്തിന്റെ പ്രമാണം!

സാക് പുന്നൻ

WFTW 06 ജൂലൈ 2014

2 ദിനവൃത്താന്തം 3:1ൽ നാം വായിക്കുന്നു: "ശലോമോൻ മോറിയാ പർവ്വതത്തിൽ യഹോവയുടെ ആലയം പണിയാൻ തുടങ്ങി.'' അബ്രഹാം തന്റെ മകൻ യിസ്ഹാക്കിനെ യാഗം അർപ്പിച്ച സ്ഥലമാണ് മോറിയാ പർവതം (ഉൽപ.22). അവിടെ ആ മലയിൽവച്ച് ദൈവത്തിന്റെ വഴി ത്യാഗത്തിന്റെ വഴിയാണെന്നു അബ്രഹാം മനസ്സിലാക്കി. അക്കാര്യം അബ്രഹാം മനസ്സിലാക്കുകയും അതിനു വിധേയപ്പെടുകയും ചെയ്തു. ദൈവം ആ സ്ഥലം വിശുദ്ധീകരിക്കുകയും 1000 വർഷത്തിനു ശേഷം അതേ സ്ഥലത്തു തന്റെ ആലയം പണിയണമെന്നു തീരുമാനിക്കുകയും ചെയ്തു. ഇന്നും ദൈവം തന്റെ ആലയം (സഭ) പണിയുന്നത് ഇങ്ങനെയുള്ള ഇടങ്ങളിലാണ് - അബ്രഹാമിന്റെ ആത്മാവും വിശ്വാസവുമുള്ളവരെ കണ്ടെത്തുന്ന ഇടങ്ങളിലെല്ലാം. മോറിയാ പർവതത്തിൽ വച്ച് തന്റെ ഭൂമിയിലെ സമ്പാദ്യങ്ങളെ (യിസ്ഹാക്ക്) ക്കാൾ അധികം തനിക്കു വിലപ്പെട്ടതു തന്റെ ദൈവവും സൃഷ് ടാവുമായവനാണെന്ന് അബ്രാഹം പറഞ്ഞു. അതു തെളിയിക്കുവാനായി യിസ്ഹാക്കിനെ യാഗം കഴിക്കുവാൻ അവൻ മനസ്സുള്ളവനായിരുന്നു. ഈ യാഗത്തിന്റെ പ്രമാണത്താൽ ജീവിക്കുന്ന എല്ലാവരെയും ദൈവം മാനിക്കും. ദൈവം ഇന്നും സത്യഭവനത്തെ പണിയാൻ പോകുന്നത് ഈ മാർഗ്ഗത്താൽ പിടിക്കപ്പെട്ടവരിലൂടെയാണ്.

കാൽവറി കുന്നിന്മേൽ, യേശുക്രിസ്തു ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്നതു മാത്രമല്ല സത്യം. യേശു അവിടെ പ്രദർശിപ്പിച്ചത്, ദൈവം തന്റെ എല്ലാ പ്രവൃത്തിയും ചെയ്യുന്നത് ത്യാഗത്തിന്റെ പ്രമാണത്തിലൂടെയാണെന്നതു കൂടിയാണ്. ആർക്കും മറ്റൊരുവിധത്തിലും കർത്താവിനെ ശുശ്രൂഷിക്കാൻ കഴിയുകയില്ല."ക്രിസ്തു സഭയെ സ്നേഹിക്കുകയും തന്നെത്താൻ അവൾക്കുവേണ്ടി ഏൽപിച്ചു കൊടുക്കുകയും ചെയ്തു'' (എഫെ. 5:25). സഭ പണിയുവാൻ നാം ഇതേപോലെ തന്നെ സഭയെ സ്നേഹിക്കണം. നമ്മുടെ പണമോ സമയമോ മാത്രം കൊടുത്താൽ പോരാ. നാം തമ്മെത്തന്നെ കൊടുക്കണം - നമ്മുടെ സ്വന്തജീവനെ.

ദൈവം തനിക്കു മനുഷ്യനോടുള്ള സ്നേഹത്തെ വിവരിക്കുവാൻ ആഗ്രഹിച്ചപ്പോഴൊക്കെ ഭൂമിയിലെ ഒരൊററ ഉദാഹരണം മാത്രമേ അതിനായി എടുക്കാൻ കഴിഞ്ഞുള്ളു. ഒരമ്മയ്ക്ക് തന്റെ നവജാത ശിശുവിനോടുള്ള സ്നേഹം (യെശ. 49:15 കാണുക) നിങ്ങൾ ഒരമ്മയെ നിരീക്ഷിക്കുമെങ്കിൽ, അവൾക്കു തന്റെ കുഞ്ഞിനോടുള്ള സ്നേഹം ത്യാഗത്തിന്റെ ആത്മാവിനാൽ നിറഞ്ഞതാണെന്ന് കാണാം. അതിരാവിലെ മുതൽ രാത്രിയിൽ വളരെ വൈകുന്നതു വരെയും രാത്രിയിലുടനീളവും ഒരമ്മ തന്റെ കുഞ്ഞിനുവേണ്ടി ത്യാഗം ചെയ്യുന്നു, ത്യാഗം ചെയ്യുന്നു പിന്നെയും ത്യാഗം ചെയ്യുന്നു. അതിനുപകരം ഒന്നും അവൾക്കു തിരിച്ചു കിട്ടുന്നതുമില്ല. അവളുടെ കുഞ്ഞിനുവേണ്ടി വർഷങ്ങളോളം അവൾ വേദനയും അസൌകര്യങ്ങളും എല്ലാം സന്തോഷത്തോടെ ഒന്നും തിരിച്ചു പ്രതീക്ഷിക്കാതെ സഹിക്കുന്നു. അങ്ങനെയാണ് ദൈവവും നമ്മെ സ്നേഹിക്കുന്നത്. ആ സ്വഭാവമാണ് നമ്മിലേക്ക് പകരാൻ അവിടുന്ന് ആഗ്രഹിക്കുന്നത്.

എന്നാൽ, അവർ എല്ലാവരും തമ്മിൽ തമ്മിൽ അതുപോലെ സ്നേഹിക്കുന്നു (യോഹന്നാൻ 13:34) എന്നു സത്യസന്ധമായി പറയാൻ കഴിയുന്ന ഒരു കൂട്ടായ്മപോലും ലോകത്തിൽ എവിടെയെങ്കിലും കണ്ടെത്തുക അസാധ്യമാണ്. ഒട്ടേറെ വിശ്വാസികൾക്കും തങ്ങളോട് അഭിപ്രായ ഐക്യമുള്ളവരെയും തങ്ങളുടെ കൂട്ടത്തോടു ചേരുന്നവരേയും മാത്രമേ സ്നേഹിക്കാൻ അറിയാവൂ. അവരുടെ സ്നേഹം മാനുഷികമാണ്. അത് അമ്മമാരുടെ ത്യാഗപരമായ സ്നേഹത്തിൽനിന്നും വളരെ അകലെയാണ്!! എന്നാലും ദിവ്യസ്നേഹം എന്ന ലക്ഷ്യത്തിലേക്ക് നാം പ്രയത്നിക്കേണ്ടതുണ്ട്. അതുകൊണ്ട് മുകളിൽ പറഞ്ഞ വാക്യം ഓരോ തവണ വായിക്കുമ്പോഴും നമ്മുടെ സ്നേഹം ഇതുവരെയും അങ്ങനെ ആയിട്ടില്ല എന്നു നാം സത്യസന്ധമായി സമ്മതിച്ചാൽ മാത്രം പോരാ, എന്നാൽ

ഒരുനാൾ നമ്മുടെ സ്നേഹം അതുപോലെയാകും എന്നു നമ്മുടെ പ്രത്യാശയും ആഗ്രഹം ഏറ്റു പറയുകയും വേണം.

ഒരമ്മ തനിക്കു ചുറ്റുമുള്ള മറ്റ് അമ്മമാർ അവരുടെ കുഞ്ഞുങ്ങൾക്കുവേണ്ടി ത്യാഗം സഹിക്കുന്നുണ്ടോ എന്നു ശ്രദ്ധിക്കാറില്ല. അവൾ തന്നെ സന്തോഷത്തോടെ എല്ലാം ത്യജിക്കുന്നു. ഇതേപോലെ, സഭയെ തന്റെ കുഞ്ഞായി കണ്ടിട്ടുള്ള ഒരുവനും തനിക്കു ചുറ്റുമുള്ളവർ സഭയ്ക്കുവേണ്ടി ത്യാഗം ചെയ്യുന്നുണ്ടോ ഇല്ലയോ എന്ന് നോക്കാറില്ല. അവൻ തന്നെ സന്തോഷത്തോടെ ത്യാഗം ചെയ്യും. തന്നെയുമല്ല ആർക്കും എതിരെ അവന് പരാതിയോ അവകാശമോ ഒന്നും ഉണ്ടായിരിക്കുകയില്ല. മറ്റുള്ളവർ സഭയ്ക്കുവേണ്ടി ഒരു ത്യാഗവും ചെയ്യുന്നില്ല എന്ന് പരാതിപ്പെടുന്നവർ അമ്മമാരല്ല മറിച്ച് വാടകയ്ക്കെടുത്ത ആയമാരാണ്. ഇങ്ങനെയുള്ള ആയമാർക്കു ക്ലിപ്തമായ പ്രവൃത്തി സമയമുണ്ട്. കൂടാതെ അടുത്ത 8 മണിക്കൂർ ഷിഫ്റ്റിനുള്ള ആയ സമയത്തു വരാതിരിക്കുമ്പോൾ പരാതിപ്പെടുകയും ചെയ്യും. എന്നാൽ ഒരമ്മ ഓരോ ദിവസവും 8 മണിക്കൂർ ജോലി ചെയ്യുന്നവളല്ല. അവൻ ദിനംപ്രതി 24 മണിക്കൂർ ഷിഫ്റ്റ് പ്രവർത്തിക്കുന്നു - വർഷങ്ങളോളം- അവൾക്ക് അതിന് കൂലി ഒന്നും കിട്ടുന്നുമില്ല. അവളുടെ കുഞ്ഞിന് 20 വയസ്സു പ്രായമാകുമ്പോഴും, ആ അമ്മയുടെ ജോലി തീരുന്നില്ല!! അമ്മമാർക്കു മാത്രമേ അവരുടെ കുഞ്ഞുങ്ങൾക്ക് എല്ലാ ദിവസവും കൊടുക്കാനുള്ള പാലുണ്ടാകുകയുള്ളു. ആയമാർക്കു തങ്ങൾ സംരക്ഷിക്കുന്ന കുഞ്ഞുങ്ങൾക്കുവേണ്ടി, പാൽ ഉൽപാദിപ്പിക്കാൻ കഴിയുകയില്ല. ഇതുപോലെ തന്നെ സഭയിൽ അമ്മമാരെപോലെ ഉള്ളവർക്ക് എപ്പോഴും തങ്ങളുടെ ആത്മീയ മക്കൾക്കു കൊടുക്കാൻ ഒരു വചനം ഉണ്ടായിരിക്കും - എല്ലാ സഭായോഗങ്ങളിലും അനേകം മൂപ്പന്മാർക്കും സഭയ്ക്കുവേണ്ടി ഒരു വചനമില്ല. കാരണം അവർ ആയമാരാണ്, അമ്മമാരല്ല.

ഒരമ്മ അവളുടെ മക്കളിൽ നിന്ന് എന്തെങ്കിലും കൂലി പ്രതീക്ഷിക്കുന്നില്ല. ഒരു കുഞ്ഞും ഒരിക്കലും അതിന്റെ അമ്മയ്ക്ക് അവളുടെ സേവനത്തിന് കൂലി കൊടുക്കുന്നില്ല. വാസ്തവത്തിൽ, മണിക്കൂറിൽ 20 രൂപ പ്രകാരം (ആയമാർക്കു കൊടുക്കുന്നതുപോലെ) കണക്കാക്കിയാൽ, എല്ലാ കുഞ്ഞുങ്ങളും അവർക്ക് 20 വയസ് പ്രായമാകുമ്പോഴേക്ക് 30 ലക്ഷം രൂപ അവരുടെ അമ്മമാർക്കു കടപ്പെട്ടിരിക്കും!! ഏതു കുഞ്ഞിന് ഇങ്ങനെയൊരു തുക അതിന്റെ അമ്മയ്ക്കു മടക്കികൊടുക്കാൻ കഴിയും?

ഇപ്പോൾ നമ്മുടെ മുൻപിലുള്ള ചോദ്യം ഇതാണ് - ഇതുപോലെ കർത്താവിനും അവന്റെ സഭയ്ക്കും വേണ്ടി ഒരു കൂലിയും സ്വീകരിക്കാതെ തന്നെത്തന്നെ കൊടുത്തുകൊണ്ടു കർത്താവു വരുന്നതുവരെ ദിവസങ്ങളോളം, വർഷങ്ങളോളം പ്രവർത്തിക്കുവാൻ മനസ്സുള്ളവർ ആരുണ്ട്? ദൈവത്തിന് അങ്ങനെയുള്ള ആത്മാവോടു കൂടിയ ഒരാളിനെ എവിടെയെങ്കിലും കണ്ടെത്താൻ കഴിഞ്ഞാൽ, അവിടുന്ന് അയാളെ സഭ പണിയാനായി ഉപയോഗിക്കും. ത്യാഗത്തിന്റെ ആത്മാവില്ലാതെ തന്നെ ശുശ്രൂഷിക്കാൻ ശ്രമിക്കുന്ന അർദ്ധഹൃദയമുള്ള 10000 വിശ്വാസികളെ ഉപയോഗിക്കുന്നതിനെക്കാൾ കൂടുതൽ ഈ ഒരാളിനെ ഉപയോഗിക്കാൻ അവിടുത്തേക്കു കഴിയും.

യേശു ഭൂമിയിലേക്കു മടങ്ങി വരികയും നിങ്ങൾ അവിടുത്തെ മുമ്പിൽ നിൽക്കുകയും ചെയ്യുമ്പോൾ, നിങ്ങൾക്ക്, നിങ്ങൾ ജീവിച്ച വഴികളെ ഓർത്തു എന്തെങ്കിലും ഖേദം ഉണ്ടാകുമോ അതോ നിങ്ങൾ ദൈവരാജ്യത്തിനുവേണ്ടി പ്രയോജനപ്രദമായി ചെലവഴിച്ച ഒരു ജീവിതത്തിലേക്കു തിരിഞ്ഞു നോക്കുവാൻ നിങ്ങൾക്കു കഴിയുമോ? അനേകരും ഒഴുക്കിനൊത്തു നീങ്ങുകയും തങ്ങളുടെ ഭൂമിയിലെ ജീവിതത്തെ പാഴാക്കികളയുകയും ചെയ്യുന്നു. അധികം വൈകുന്നതിനു മുമ്പേ ഉണർന്നെഴുന്നേൽക്കുക. എന്നിട്ട് ദൈവത്തോട്, അവിടുത്തെ മാർഗ്ഗം ത്യാഗത്തിന്റെ മാർഗ്ഗമാണെന്നു കാണിച്ചു തരുവാൻ ആവശ്യപ്പെടുക. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ!